# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 ഡിസംബർ 14

## വൈദ്യുതി കണക്ഷൻ: പുതുക്കിയ നിരക്കുകൾ സംബന്ധിച്ച വാദം കേൾക്കൽ ജനുവരി അഞ്ചിന്.

സംസ്ഥാന വൈദ്യുതി ബോർഡ് പുതുക്കി നിശ്ചയിച്ച അപേക്ഷാ ഫീസ്, സർവ്വീസ് കണക്ഷൻ ചാർജ്ജ്, റീകണക്ഷൻ ഫീസ്, ടെസ്റ്റിംഗ് ഫീസ് തുടങ്ങിയ പലവക നിരക്കുകളുടെ പട്ടിക അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുള്ള പെറ്റീഷനുമേൽ 2011 ജനുവരി 5 ന് രാവിലെ 11.00 മണിക്ക് കമ്മീഷൻ ആഫീസിൽ വച്ച് പൊതുവാദം കേൾക്കൽ നടത്തും. പെറ്റീഷന്റെ പൂർണ്ണരൂപം കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർക്കും താൽപ്പര്യമുള്ള പൊതുജനങ്ങൾക്കും 2011 ജനുവരി മൂന്നിന് മുമ്പ്, ഇതുസംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം. 'സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി.ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം 10' എന്ന വിലാസത്തിലാണ് ഇവ സമർപ്പിക്കേണ്ടത്. നേരിട്ട് തെളിവ് നൽകാൻ താൽപ്പര്യമുള്ളവർക്ക് വാദം കേൾക്കൽ നടപടിയിൽ സംബന്ധിക്കുവാനും അവസരമുണ്ട്.

**സെക്രട്ടറി**

KSERC/PR/34/2010